നിന്നും വിരമിച്ച താഴെ പറയുന്ന 8 ഉദ്യോഗസ്ഥരെ സാങ്കേതിക വിദഗ്ദ്ധരായി നിയോഗിച്ചിട്ടുണ്ട്.

1. ശ്രീ. പി. എം. മോഹൻദാസ്
2. ശ്രീ. എൻ. വാസുദേവൻപോറ്റി
3. ശ്രീ. കെ. എം. നൈനാൻ തരകൻ
4. ശ്രീ. ബി. എഫ്. എച്ച്. ആർ. ബിജിലി
5. ശ്രീ. കെ. പത്മനാഭൻ
6. ശ്രീ. പി. കെ. സഹദേവൻ
7. ശ്രീ. കെ. പത്മനാഭനാചാരി
8. ശ്രീ. എം. എൻ. രാജീവൻ (വോളന്ററി റിട്ടയർമെന്റ്)

(ഇ) ശ്രീ. പി. എം. മോഹൻദാസ്, ശ്രീ. ബി. എഫ്. എച്ച്. ആർ. ബിജിലി, ശ്രീ. എം. എൻ. രാജീവൻ എന്നിവർ കേരള വാട്ടർ അതോറിറ്റിയുടെ J.B.I.C പ്രോജക്ട് ഓഫീസിൽ മുമ്പ് ജോലിചെയ്തിട്ടുള്ളവരാണ്.

ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുടെ ധനവിനിയോഗം

81 (973) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നിലവിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നത് ;

(ബി) 2001-2002 സാമ്പത്തികവർഷത്തിൽ കേന്ദ്രത്തിൽ നിന്നും ഈ ഇനത്തിൽ ലഭിച്ച തുക പൂർണ്ണമായും സംസ്ഥാന ഗവൺമെന്റ് വിനിയോഗിക്കുക ഉണ്ടായോ ;

(സി) ഇല്ലെങ്കിൽ കേന്ദ്രഫണ്ട് പൂർണ്ണമായും ചെലവഴിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ ;

(ഡി) കേന്ദ്രത്തിൽ ലഭിച്ച തുക പൂർണ്ണമായും ഉപയോഗിക്കാത്തതു കാരണം ഗ്രാന്റായി സംസ്ഥാനത്തിന് ലഭിക്കേണ്ട എത്ര കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ 14 ജില്ലകളിലും ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കികൊണ്ടിരിക്കുന്നു.

(ബി) ഇല്ല.

(സി) പദ്ധതികൾക്കാവശ്യമായ പൈപ്പുകൾ യഥാസമയം വാങ്ങുവാനുണ്ടായ കാലതാമസവും ത്വരിതഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾക്ക് ആവശ്യമായ സ്ഥലം പഞ്ചായത്തുകൾ ഏറ്റെടുത്ത് കൃത്യസമയത്ത് വാട്ടർ അതോറിറ്റിക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൈമാറാത്തതും ടെണ്ടർ നടപടികളിലുണ്ടായ കാലതാമസവുമാണ് കേന്ദ്രഫണ്ട് യഥാസമയം ചെലവഴിക്കാൻ സാധിക്കാത്തതിന് കാരണം.

(ഡി) 17.99 കോടി രൂപ നഷ്ടപ്പെട്ടിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

2001-2002

മുൻനീക്കിയിരിപ്പ്	-	22.36 കോടിരൂപ
വരവ്	-	5.45 കോടി രൂപ
ചെലവ്	-	42.04 കോടി രൂപ
ബാക്കി	-	30.77 കോടി രൂപ

2002-2003-ൽ ലഭിക്കേണ്ടിയിരുന്നതിൽ നഷ്ടമായ തുകയുടെ വിശദവിവരങ്ങൾ

ലഭിക്കേണ്ടിയിരുന്ന തുക	- 36.98 കോടി രൂപ
ലഭിച്ച തുക	- 18.99 കോടി രൂപ
നഷ്ടമായ തുക	- 17.99 കോടി രൂപ

രാജീവ്ഗാന്ധി തീവ്രഗ്രാമീണ ജലവിതരണ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച തുക

82 (974) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി തീവ്രഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട് ;

(ബി) ഇതിൻപ്രകാരം അനുവദിച്ച മുഴുവൻ തുകയും സർക്കാർ ഉപയോഗപ്പെടുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത തുക ചെലവാക്കുന്നതിൽ വീഴ്ച വന്നതുകാരണം കേന്ദ്ര സർക്കാർ തുക പിൻവലിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കോടി രൂപയാണെന്ന് പറയാമോ ;

(ഡി) പ്രസ്തുത കാരണത്താൽ നടപ്പുവർഷം എത്ര കോടി രൂപ പദ്ധതി വിഹിതത്തിൽ കേന്ദ്ര സർക്കാർ കുറവു വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2000-2001-ൽ 51.44 കോടി രൂപയും 2001-2002-ൽ 50.45 കോടി രൂപയും 2002-2003-ൽ 18.99 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി&സി) 2000-2001-ലും 2001-2002-ലും കേന്ദ്രത്തിൽ നിന്നും ലഭിച്ച തുകയും മുൻ നീക്കിയിരിപ്പും പൂർണ്ണമായും ഉപയോഗിക്കാത്തതുകാരണം 2001-2002-ൽ 12 കോടി 86 ലക്ഷം രൂപയും 2002-03-ൽ 17.99 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly